# എന്റെ കർത്താവും എന്റെ ദൈവവും

മരിച്ചവരിൽനിന്നുള്ള ഈശോയുടെ ഉത്ഥാനത്തിന് രണ്ട് തെളിവുകളാണ് സുവിശേഷങ്ങളിലുള്ളത്: ശൂന്യമായ കല്ലറയും ഉത്ഥിതനായ മിശിഹായുടെ പ്രത്യക്ഷപ്പെടലുകളും. ഈശോയെ സംസ്ക്കരിച്ചിരുന്ന കല്ലറ തുറന്നതും ശൂന്യവുമായി കാണപ്പെട്ടു എന്നതായിരുന്നു ഉയിർപ്പുഞായറാഴ്ചത്തെ മുഖ്യസുവിശേഷ പ്രമേയം. പുതുഞായറാഴ്ചയായ ഇന്നത്തെ സുവിശേഷഭാഗം ഉത്ഥിതനായ മിശിഹാ തന്റെ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ചാണ് (യോഹ 20,19-31). മാർ തോമാ നസ്രാണികളായ നമ്മെ സംബന്ധിച്ച് വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ, ''എന്റെ കർത്താവും എന്റെ ദൈവവും'' എന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ പേരിലാണ് ഈ ദിനം സവിശേഷ ശ്രദ്ധയർഹിക്കുന്നത്. ഈ വിശ്വാസപ്രഖ്യാപനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും ആരംഭവുമായതിനാലാണ് ഇതു ''പുതുഞായർ'' ആയിരിക്കുന്നത്.

''ആഴ്ചയുടെ ആദ്യദിനമായ അന്നു വൈകുന്നേരം'' എന്ന ആമുഖത്തോടെയാണു യോഹന്നാൻ സുവിശേഷകൻ ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണ വിവരണം ആരംഭിക്കുന്നത്. ഈശോയുടെ ഉത്ഥാനദിവസമായ ഞായറാഴ്ച ''കർത്താവിന്റെ ദിനം'' എന്നാണ് സഭയുടെ ആരംഭം മുതൽക്കേ അറിയപ്പെടുന്നത്. ഉത്ഥാനദിവസം തന്നെ കർത്താവ് തന്റെ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു. പിന്നീട് തോമാശ്ലീഹായ്ക്കു പ്രത്യക്ഷനാകുന്നതും എട്ടുദിവസങ്ങൾക്കു ശേഷം ഞായറാഴ്ചയാണ് (യോഹ 20,26). ഈ പ്രത്യക്ഷീകരണത്തിന്റെ ഓർമ്മയും തുടർച്ചയുമെന്നോണം ആദിമസഭ അപ്പം മുറിക്കാനായി ഒന്നിച്ചുകൂടിയിരുന്നത് ഞായറാഴ്ചകളിലായിരുന്നു (നടപടി 20,7). ഉത്ഥിതന്റെ സാന്നിദ്ധ്യം സവിശേഷമാംവിധം വിശ്വാസികൾ അനുഭവിച്ചറിഞ്ഞിരുന്നത് ഞായറാഴ്ചകളിലെ അപ്പംമുറിക്കലിലായിരുന്നു. ഇന്നും ഞായറാഴ്ച ആചരണത്തിനു നമ്മൾ വലിയ പ്രാധാന്യം നല്കുന്നുണ്ടല്ലോ. ഇടവക ദൈവാലയത്തിൽ ഒന്നിച്ചുചേർന്ന് പരിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ നമ്മുളും ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യമാണ് അനുഭവിക്കുന്നത്.

ശിഷ്യന്മാർ സമ്മേളിച്ചിരുന്ന മുറിയുടെ വാതിൽ യഹൂദരോടുള്ള ഭയം നിമിത്തം അടച്ചിരിക്കെയാണ് ഉത്ഥിതനായ മിശിഹാ അവരുടെ മദ്ധ്യേ പ്രത്യക്ഷനാകുന്നത്. ഉത്ഥാനത്തോടെ ഈശോ തന്റെ ശാരീരിക പരിമിതികളെ അതിജീവിച്ചെന്നും ഏതു സമയത്തും ഏതു രൂപത്തിലും എവിടെയും അവിടുത്തേക്കു സന്നിഹിതനാകാൻ സാധിക്കുമെന്നും തെളിയിക്കുന്നു. ശിഷ്യന്മാരോടുള്ള ഉത്ഥിതന്റെ ആദ്യവാക്കുകൾ സമാധാനത്തിന്റേതാണ്. അവിടുന്നരുളിച്ചെയ്തു: ''സമാധാനം നിങ്ങളോടുകൂടെ.'' ഇതിലൂടെ അന്ത്യപ്രഭാഷണത്തിലെ തന്റെ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കുകയായിരുന്നു: ''ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു. ഞാൻ നിങ്ങൾക്ക് എന്റെ സമാധാനം തരുന്നു. ലോകം തരുന്നതുപോലെയല്ല, ഞാൻ നിങ്ങൾക്ക് അതു നല്കുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട. ഞാൻ പോകുന്നുവെന്നും വീണ്ടും നിങ്ങളുടെ പക്കലേക്കു വരുമെന്നും പറഞ്ഞതു നിങ്ങൾ കേട്ടുവല്ലോ'' (യോഹ 14,27-28) എന്ന് അവിടുന്ന് അരുളിച്ചെയ്തിരുന്നല്ലോ. തങ്ങളുടെ ഗുരുവിന്റെ വിയോഗത്തിൽ ദുഃഖിതരും അസ്വസ്ഥചിത്തരുമായിരുന്ന ശിഷ്യന്മാർക്ക് ആവശ്യമായിരുന്നത് സമാധാനമാണ് എന്നവിടുത്തേക്ക് അറിയാമായിരുന്നു. തന്റെ സഹനമരണോത്ഥാനങ്ങൾവഴി മനുഷ്യവർഗത്തിന് അവിടുന്നു നേടിത്തന്നത് സമാധാനമാണ്. ഇതെക്കുറിച്ചു പൗലോസ്ശ്ലീഹാ എഴുതുന്നു: ''വിദൂരസ്ഥരായിരുന്ന നിങ്ങൾ ഇന്ന് ഈശോമിശിഹായുടെ രക്തംമൂലം ഈശോമിശിഹായിൽ സമീപസ്ഥരായിരിക്കുന്നു. കാരണം, അവനാണു നമ്മുടെ സമാധാനം'' (എഫേ 2,13-14). ആധുനിക മനുഷ്യന് ഏറ്റവുമധികം ആവശ്യമായിരിക്കുന്നത് ഉത്ഥിതനായ കർത്താവു നല്കുന്ന ഈ സമാധാനം തന്നെയാണ്. കർത്താവിന്റെ സ്ഥാനത്തുനിന്നുകൊണ്ട് പരിശുദ്ധ കുർബാന മദ്ധ്യേ കാർമ്മികൻ മൂന്നു തവണ നമുക്ക് സമാധാനം ആശംസിക്കുന്നുണ്ടല്ലോ. മ്ശംശാനമാരും ശുശ്രൂഷികളും എത്രയോ പ്രാവശ്യം കുർബാനയ്ക്കിടയിൽ ''നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ'' എന്നനുസ്മരിപ്പിക്കുന്നുണ്ട്. നമ്മോടു കൂടെയുള്ള ഈ സമാധാനം ഉത്ഥിതനായ മിശിഹാ തന്നെയാണ്.

സമാധാനാശംസ ഒരിക്കൽകൂടി ആവർത്തിച്ചശേഷം അവിടുന്ന് ശിഷ്യന്മാരോട് അരുളിച്ചെയ്തു: ''എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ 20,21). സ്വർഗീയ പിതാവ് തന്നെ ഭരമേല്പ്പിച്ച ദൗത്യം ഈ ഭൂമിയിൽ പൂർത്തിയാക്കിയശേഷം, അതു ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകുന്നതിനായി അവിടുന്നു തന്റെ ശിഷ്യന്മാരെ നിയോഗിച്ചയയ്ക്കുന്നു. ദൗത്യവും ഒന്നാണ്, അയയ്ക്കപ്പെടുന്ന രീതിയും ഒന്നാണ്. പിതാവ് പുത്രനോടുകൂടെ എപ്പോഴും ഉണ്ടായിരുന്നതുപോലെ, പുത്രൻ തന്റെ ശിഷ്യന്മാരോടൊപ്പവും ഉണ്ടായിരിക്കും. ''പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' എന്ന

അവിടുത്തെ ആഹ്വാനം ഈ സാന്നിദ്ധ്യത്തെയാണല്ലോ സൂചിപ്പിക്കുന്നത്. അവരുടെമേൽ നിശ്വസിച്ചു കൊണ്ടാണ് അവിടുന്ന് അവർക്കു പരിശുദ്ധാരൂപിയെ നല്കിയത്. ആദിമനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചുകൊണ്ടാണ് അവിടുന്ന് അവർക്ക് ജീവാത്മാവിനെ പ്രദാനം ചെയ്തത് (ഉല്പ 2,7). ശ്ലീഹന്മാരിൽ നിറഞ്ഞ പരിശുദ്ധറൂഹാ ഒരു പുതുസൃഷ്ടിയ്ക്കു കാരണമായല്ലോ.

ഈ പുതിയ സൃഷ്ടി പാപമോചനവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ടാണ് അവിടുന്നു തുടർന്ന് ഇപ്രകാരം അരുളിച്ചെയ്തത്: ''നിങ്ങൾ ആരുടെയെങ്കിലും പാപം മോചിച്ചാൽ, അവ മോചിക്കപ്പെട്ടവയായിരിക്കും. നിങ്ങൾ ആരുടെയെങ്കിലും പാപം ബന്ധിച്ചാൽ, അവ ബന്ധിക്കപ്പെട്ടവയായിരിക്കും'' (യോഹ 20,22-23). ദൈവമാണ് ഈശോ നിയോഗിച്ച ശിഷ്യന്മാരിലൂടെ പാപം മോചിക്കുന്നത്. സഹനമരണോത്ഥാനത്തിലൂടെ മിശിഹാ നേടിയ രക്ഷ മുഴുവന്റെയും സാരസംഗ്രഹമാണ് പാപമോചനം സൂചിപ്പിക്കുന്നത്. മനുഷ്യവർഗത്തെ പാപത്തിൽനിന്നു രക്ഷിക്കാനാണല്ലോ അവിടുന്നു സഹിച്ചുമരിച്ചുയിർത്തത്. അവിടുന്നു നേടിയ രക്ഷയുടെ ഫലം നമുക്ക് അനുഭവവേദ്യമാകുന്നത് പാപമോചനത്തിലൂടെയാണ്. അതുകൊണ്ടാണ് ശിഷ്യന്മരെ തന്റെ ദൗത്യവുമായി അയച്ചപ്പോൾ പാപമോചനാധികാരം പ്രത്യേകവിധം നല്കിയത്. തിരുസഭയിലൂടെയാണ് ഈ അധികാരം കൈമാറ്റപ്പെടുന്നത്.

**തോമാശ്ലീഹായുടെ വിശ്വാസം**

ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ടപ്പോൾ തോമാശ്ലീഹാ അവരോടൊപ്പമുണ്ടായിരുന്നില്ല. മറ്റു ശ്ലീഹന്മാർ യഹൂദരെ ഭയന്ന് പൂട്ടിയ മുറിയിൽ കഴിയവേ, സമൂഹത്തിന്റെ ആവശ്യങ്ങൾക്കായി പുറത്തുപോകാൻ ധൈര്യം കാണിച്ചത് തോമാശ്ലീഹാ മാത്രമാണ്. താനില്ലാതിരുന്ന സമയത്തു കർത്താവു പ്രത്യക്ഷപ്പെട്ടത് തോമായ്ക്കു സഹിക്കാനായില്ല. മരിക്കാൻവേണ്ടി അവിടുത്തോടൊപ്പം പോകാൻപോലും ധൈര്യം പ്രകടിപ്പിച്ച തന്നെ അവഗണിച്ചല്ലോ എന്ന ചിന്തയായിരുന്നിരിക്കണം അദ്ദേഹത്തിനുണ്ടായിരുന്നത്. വാശിപിടിച്ചദ്ദേഹം പറഞ്ഞു: ''അവിടുത്തെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എന്റെ കൈവിരലുകൾ ഇടുകയും അവിടുത്തെ 'പാർശ്വ'ത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല'' (യോഹ 20,25). പാർശ്വത്തെക്കുറിച്ചു പ്രത്യേകം എടുത്തുപറയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പാർശ്വത്തെക്കുറിച്ചുള്ള മറ്റു പ്രസ്താവനകളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ടതാണ്. ഉയിർത്തെണീറ്റ കർത്താവ് തന്റെ ശിഷ്യന്മാർക്ക് തന്റെ കൈകളും പാർശ്വവും കാണിച്ചു. ഈശോ മുറിവേറ്റ തന്റെ 'കൈകളും കാലുകളും' അവരെ കാണിച്ചു എന്ന് മറ്റു സുവിശേഷകന്മാർ എഴുതുമ്പോൾ യോഹന്നാൻ 'പാർശ്വ'ത്തെക്കുറിച്ചു പറയുന്നതിനു പ്രത്യേക കാരണമുണ്ട്. കർത്താവിന്റെ പാർശ്വത്തിലാണ് യോഹന്നാൻ അന്ത്യത്താഴവേളയിൽ ചാരികിടന്നത് (യോഹ 13,23). യോഹന്നാന് ഈശോയോടുണ്ടായിരുന്ന ബന്ധത്തിന്റെ ആഴവും ഊഷ്മളതയുമാണല്ലോ പാർശ്വത്തിൽ ചാരിക്കിടന്നതിൽനിന്നു വ്യക്തമാകുന്നത്. കുരിശിൽ മരിച്ച ഈശോയുടെ പാർശ്വത്തിൽ പടയാളികളിൽ ഒരുവൻ കുന്തംകൊണ്ടു കുത്തിയപ്പോൾ അവിടെനിന്നു പരിശുദ്ധ റൂഹായെ സൂചിപ്പിക്കുന്ന രക്തവും ജലവും പുറത്തേക്ക് ഒഴുകിയത് യോഹന്നാൻ കാണുകയും രേഖപ്പെടുത്തുകയും ചെയ്തതാണല്ലോ (യോഹ 19,33-34). യോഹന്നാൻശ്ലീഹായ്ക്കു ലഭിച്ചതു പോലുള്ള ഒരു മിശിഹാനുഭവം തനിക്കുമുണ്ടാകണം എന്ന തീവ്രമായ ആഗ്രഹം മൂലമാണ് ഉത്ഥിതന്റെ പാർശ്വത്തിൽ കൈവച്ചാലല്ലാതെ താൻ വിശ്വസിക്കുകയില്ലെന്ന് തോമാശ്ലീഹാ ശാഠ്യംപിടിച്ചത് (യോഹ 20,25).

എട്ടുദിവസങ്ങൾക്കുശേഷം വീണ്ടും അവർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമായുടെ ശാഠ്യം സാധിച്ചുകൊടുക്കുവാൻ കർത്താവ് തിരുമനസ്സായി. വിശ്വസിക്കാനുള്ള അവിടുത്തെ ആഹ്വാനം ശ്രവിച്ചയുടനെ ശ്ലീഹാ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ''എന്റെ കർത്താവും എന്റെ ദൈവവും.'' ''നീ ദൈവപുത്രനായ മിശിഹായാകുന്നു'' എന്ന പത്രോസ്ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തെക്കാളും മഹത്തരമാണ് തോമായുടെ ഈ പ്രഖ്യാപനം. പത്രോസ് ഈശോയെ ദൈവപുത്രനായി അംഗീകരിച്ചേറ്റുപറഞ്ഞെപ്പോൾ, തോമാ അവിടുത്തെ ദൈവമായിത്തന്നെ പ്രഖ്യാപിക്കുകയായിരുന്നു. പഴയനിയമത്തിൽ ദൈവത്തിനുപയോഗിക്കുന്ന രണ്ടു പദങ്ങളാണ് കർത്താവ് (Yahweh) ദൈവം (Elohim) എന്നിവ. ഈ രണ്ടു നാമങ്ങളും ഉത്ഥിതനായ ഈശോയ്ക്കു നല്കുകവഴി അവിടുന്നു പഴയനിയമത്തിലെ ദൈവം തന്നെയാണ് എന്നാണ് തോമാശ്ലീഹാ ഉദ്ഘോഷിച്ചത്. നമ്മുടെ കുർബാനയിൽ പല പ്രാർത്ഥനകളും ആരംഭിക്കുന്നത് തോമാശ്ലീഹായുടെ ഈ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച്, ''ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ'' അഥവാ ''ഞങ്ങളുടെ കർത്താവായ ദൈവമേ'' എന്ന ആഭിസംബോധനയോടെയാണ്. ഇപ്രകാരം പ്രാർത്ഥിക്കുമ്പോൾ നമ്മൾ തോമാശ്ലീഹായുടെ മിശിഹാനുഭവത്തിൽ തന്നെയാണു പങ്കുചേരുന്നത്.

നമ്മെ സംബന്ധിച്ച് ആശ്വാസം പകരുന്ന ഒരു പ്രസ്താവനകൂടി ഉത്ഥിതനായ മിശിഹാ നടത്തി: ''ഇപ്പോൾ നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; എന്നാൽ എന്നെ കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതർ'' (യോഹ 20,29). തോമായുടെയും മറ്റു ശ്ലീഹന്മാരുടെയും പ്രഘോഷണഫലമായി ഈശോയിൽ വിശ്വസിച്ചു നിത്യജീവന് അർഹരാകുന്ന നമ്മുടെ ഭാഗ്യത്തെക്കുറിച്ചാണ് അവിടുന്നു മുൻകൂട്ടി അറിയിച്ചത്. നമ്മൾ ഏറ്റുപറയുന്ന വിശ്വാസത്തിനനുസൃതം ജീവിച്ചു യഥാർത്ഥ ഭാഗ്യവാന്മാരും ഭാഗ്യവതികളുമാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**